"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവുകൾ 05.04.2025-ന് കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നികത്താൻ അനുവദിക്കണമെന്ന ആവശ്യത്തോടെ ഫയൽ ചെയ്ത WP(C)No.11376/2026 എന്ന കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശങ്ങൾ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.922/2026/HEDN തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:-

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 02.04.2025-ലെ DCETVM/3417/2025-E3 നമ്പർ കത്ത് (Exbt P4)
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 27.01.2026-ലെ DCETVM/3417/2025-E3 നമ്പർ കത്ത്
3. ശ്രീ ഹരികൃഷ്ണൻ, ശ്രീ കേദർനാഥ് എന്നിവർ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ച 23.02.2026-ലെ നിവേദനം (Exbt P7)
4. WP(C)No.11376/2026 എന്ന കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 24.03.2026-ലെ വിധിന്യായം
5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 20.06.2026-ലെ DCETVM/3417/2025-E3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായ 3 ഒഴിവുകൾ 05.04.2025 വരെ കാലാവധി ഉണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നികത്താൻ അനുവദിക്കണമെന്ന ആവശ്യത്തോടെയുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം സർക്കാർ പരിഗണനയ്ക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധനയിലിരിക്കെ, റാങ്ക് ലിസ്റ്റിന്റെ കാലാവധി അതിനോടകം തന്നെ അവസാനിച്ചിരുന്നതിനാൽ പ്രസ്തുത അപേക്ഷ പരിശോധിക്കേണ്ടതില്ലായെന്ന് കോളേജ് പ്രിൻസിപ്പൽ കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തരം അറിയിച്ചതായി പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് പ്രൊപ്പോസലിന്മേലുള്ള നടപടികൾ സർക്കാർ അവസാനിപ്പിക്കുകയും ചെയ്തിരുന്നു.

2. ഇതിനെത്തുടർന്ന്, പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമായ നിവേദനത്തിൽ, 2025 ജൂൺ മാസം വരെ അധികാരമുണ്ടായിരുന്ന ശ്രീ രാമചന്ദ്ര രാജ എന്ന മാനേജരായിരുന്നു റാങ്ക് ലിസ്റ്റ് കാലാവധി നീട്ടുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചതെന്നും, ടിയാന്റെ മരണത്തെത്തുടർന്ന് ശ്രീ പി കെ കേരള വർമ്മ എന്നയാൾ അനധികൃതമായി മാനേജർ



File No. HEDN-D3/14/2026-HEDN (Computer No. 3386646)
Generated from eOffice by Pranav P S, ASST (D3) (H.EDN), ASST (D3) (H.EDN), HIGHER EDUCATION DEPARTMENT on 28/07/2026 01:16 PM

സ്ഥാനം കൈവശം വച്ചിരിക്കുകയാണെന്നും, ആയതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടേണ്ടതില്ലായെന്ന ടിയാന്റെ അഭിപ്രായം അംഗീകരിക്കാൻ കഴിയില്ലായെന്നും, ഈ സാഹചര്യത്തിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും തുടർനിയമനങ്ങൾ നടത്തുവാനുള്ള അനുമതി സർക്കാർ നൽകണമെന്നും അപേക്ഷിച്ചിരുന്നു. ഇതിന് ശേഷം, പ്രസ്തുത ആവശ്യവുമായി ശ്രീ ഹരികൃഷ്ണൻ ടി കെ ബഹു. ഹൈക്കോടതിയിൽ WP(C) No.11376/2026 എന്ന കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസിൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, Ext P4, Ext P7 എന്ന രേഖകൾ പരിശോധിക്കുവാനും, കേസിലെ വാദി, നാലാം എതിർകക്ഷി എന്നിവരെ നേരിൽ കേട്ട ശേഷം വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 3 മാസത്തിനകം നിവേദനത്തിന്മേൽ തീരുമാനമെടുക്കുവാനും സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. ബഹു. കോടതിയുടെ നിർദ്ദേശപ്രകാരം 07.07.2026-ന് നടത്തിയ ഹിയറിങ്ങിൽ ശ്രീ ഹരികൃഷ്ണൻ, അദ്ദേഹത്തിന്റെ പ്രതിനിധി, മാനേജർ ചുമതലപ്പെടുത്തിയ പ്രതിനിധി എന്നിവർ പങ്കെടുക്കുകയും വാദങ്ങൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു.

3. ഹിയറിങ്ങിന്റെ കൂടി അടിസ്ഥാനത്തിൽ Ext P4, Ext P7 എന്ന രേഖകൾ സർക്കാർ വിശദമായി പരിശോധിച്ചു. റാങ്ക് ലിസ്റ്റിന്റെ കാലാവധി 04.04.2025-ന് അവസാനിച്ച സാഹചര്യത്തിലും, അധിക നിയമനത്തിന് സർക്കാർ അനുമതി നൽകിയിട്ടില്ലാത്ത സാഹചര്യത്തിലും ഗുരുവായൂരപ്പൻ കോളേജിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 3 ഒഴിവുകളിലേക്ക് 05.04.2024 -ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തണമെന്ന ഹർജിക്കാരന്റെ ആവശ്യം അനുവദിക്കാനാകില്ല. ആയതിനാൽ, Ext P7 നിവേദനത്തിലെ ആവശ്യം നിരസിച്ചും ബഹു. കോടതിയുടെ പരാമർശം (4) വിധിന്യായത്തിലെ നിർദ്ദേശങ്ങൾ പാലിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DARLY JOSEPH
അഡിഷണൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ (ആവരണക്കത്ത് സഹിതം)
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
3. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
4. ശ്രീ ഹരികൃഷ്ണൻ ടി കെ, തെക്കേക്കുനി ഹൗസ്, തിരുവോട് പി ഓ, നടുവണ്ണൂർ വഴി, 673614
5. ശ്രീ കേദർനാഥ് സി, ചാലിൽ ഹൗസ്, മുച്ചുകുന്ന് പി ഓ, കൊയിലാണ്ടി 673307
6. www.highereducation.kerala.gov.in
7. I&PRD(Web and New Media)
8. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ